

# ബൈബിൾ ട്രൂത്

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N.D.S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# THE BIBLE TRUTH


**Editors**

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയനിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 9** **November 1995** **No. 8**


ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാവരും ഏതെങ്കിലും പ്രേരണക്ക് വശംവദരാകുന്നു എന്നു പറയാം. ഗുണത്തിനായാലും ദോഷത്തിനായാലും ചെയ്യുന്നവരുടെ മാനസികാവസ്ഥ എന്തായിരിക്കും ആ അവസരത്തിൽ എന്നാലോചിക്കുക. സ്വഭാവവിശേഷതകൾ ദൈവികമാക്കി മാറ്റുന്നതിനേക്കാൾ പ്രാകൃതവും പൈശാചികവുമായി മനുഷ്യർ അധ:പതിക്കാനിടയുള്ള സ്വഭാവദൂഷ്യങ്ങൾ ഇന്നു വർദ്ധിച്ചിരിക്കയാണ്. താല്ക്കാലിക ലാഭമാണ് ഇതിന്റെ പിന്നിൽ അവർ കാണുന്നത്. പക്ഷേ പരിണിത ഫലമോ എന്നേക്കുമുള്ള ശിക്ഷയുമാണ്. ദൈവാത്മാവിന്റെ ഉപദേശമാണ് മനുഷ്യമനസിനും ഹൃദയത്തിനും ആവശ്യം. ക്രിയാത്മകവും ഉപകാരപ്രദവുമായ സ്വഭാവങ്ങൾക്ക് ഉടമകളാകണമെങ്കിൽ അസാധാരണവും അമാനുഷികവുമായ രൂപാന്തരം ഓരോരുത്തരിലും ജനിക്കണം. പുതുക്കമുള്ള മനോനിരൂപണങ്ങൾക്കേ പുതുക്കമുള്ള ജീവിതം നയിക്കാൻ പറ്റൂ. നിഷേധിക്കാൻ പറ്റാത്ത സത്യമാണിത്.



# എന്താണ് മനഃസാക്ഷി?

## J. C. ചോട്ട്

തിരുവെഴുത്തുകളിൽ ധാരാളം പ്രാവശ്യം പ്രതിപാദിച്ചിട്ടുള്ള ഒന്നാണ് മനഃസാക്ഷി. വ്യഭിചാര കുററത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ ശാസ്ത്രിമാരും പരീശന്മാരും യേശുക്രിസ്തുവിന്റെ അടുക്കൽ കൊണ്ടു വന്ന കഥ നമ്മെ പഠിപ്പിക്കുന്നുണ്ട്. മോശെയുടെ ന്യായപ്രമാണത്തിൽ പറയുന്നതിനനുസരിച്ചാണെങ്കിൽ ആ സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലണം. അവർ ഒരുപക്ഷെ വിചാരിച്ചതു, യേശുക്രിസ്തു അവളെ അവരിൽ നിന്നു മോചിപ്പിക്കും. അപ്പോൾ അവർക്ക് അവനെ കുററപ്പെടുത്താം എന്നായിരിക്കാം. ന്യായപ്രമാണം അവൻ ലംഘിക്കുന്നു എന്നു അവനിൽ കുററം ചുമത്താമല്ലൊ എന്നാണ് അവർ കണ്ടത്. യേശുവോ കുനിഞ്ഞു നിലത്തു എഴുതികൊണ്ടിരുന്നു. അവർ അവനോടു ചോദിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ നിവർന്നു. നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതു കല്ലെറിയട്ടെ എന്നു അവരോടു പറഞ്ഞു. പിന്നെയും കുനിഞ്ഞു വിരൽ കൊണ്ടു നിലത്തു എഴുതികൊണ്ടിരുന്നു. അവർ അതു കേട്ടിട്ടു മനസാക്ഷിയുടെ ആക്ഷേപം ഹേതുവായി മൂത്തവരും ഇളയവരും ഓരോരുത്തരായി വിട്ടുപോയി; യേശു മാത്രവും നടുവിൽ നില്ക്കുന്ന സ്ത്രീയും ശേഷിച്ചു. യേശു നിവർന്നു അവളോടു സ്ത്രീയേ അവർ എവിടെ? നിനക്കു ആരും ശിക്ഷ വിധിച്ചില്ലയോ എന്നു ചോദിച്ചതിനു ഇല്ല കർത്താവേ എന്നു അവൾ പറഞ്ഞു. ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുത് എന്നു പറഞ്ഞു. (യോഹന്നാൻ 8: 7-11).

ക്രിസ്ത്യാനിത്വത്തിന്റെ ശത്രുക്കൾ യെരുശലേമിൽ വെച്ച് പൌലോസിന്റെമേൽ കൈവെച്ചു അവന്റെ ജീവൻ ഒടുക്കുവാൻ പോലും ഗൂഢാലോചന നടത്തിയിരുന്ന

തായി നമുക്ക് അറിയാം. അതിനായി റോമാ പടയാളികളെ ഏല്പിച്ചുകൊടുക്കുന്നുമുണ്ട്. റോമാ ശതാധിപനോട് പുരുഷാര മദ്ധ്യേ നിന്നുകൊണ്ട് പൌലൊസ് പ്രസ്താവിച്ചതു വളരെ പ്രാധാന്യമർഹിക്കുന്നു. അവിടെ മഹാപുരോഹിതന്മാരുണ്ട്; അധിപതികളുമുണ്ട്. അങ്ങനെയുള്ള ന്യായാധിപസംഘത്തെ ഉററു നോക്കിയാണ് പറഞ്ഞത്: സഹോദരന്മാരേ, ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസാക്ഷിയോടും കൂടെ ദൈവത്തിൻെറ മുമ്പാകെ നടന്നിരിക്കുന്നു (പ്രവൃത്തി 23:1). ഒരിക്കൽ പൌലൊസ് ക്രിസ്ത്യാനികളെ ഉപദ്രവിച്ചവനായിരുന്നു. ഇപ്പോഠം അവൻ തൻെറ സ്വജാതിക്കാരായ യെഹൂദന്മാരാൽ ഉപദ്രവം ഏല്ക്കുന്നു. അവൻെറ പ്രഖ്യാപനം, അന്നുവരെ അവൻ നല്ല മനസാക്ഷിയോടെയാണ് ജീവിച്ചതു എന്നായിരുന്നു. മറെറാരു രീതിയിൽ പറഞ്ഞാൽ അവൻെറ ഉള്ളിൽ യാതൊരുവിധ കളങ്കവും ഇല്ലായിരുന്നു എന്നു സ്പഷ്ടം.

പൌലൊസ് റോമർക്കു ലേഖനമെഴുതുമ്പോഠം പറയുന്ന മറെറാരു പ്രസ്താവന ശ്രദ്ധിക്കുക. ''ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ പറയുന്നതു ഭോഷ്കല്ല; എനിക്കു വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട് എന്നു എൻെറ മനസാക്ഷി എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു'' (റോമർ 9:1). സർക്കാരിനോടുള്ള നമ്മുടെ വിധേയത്വത്തെ കുറിച്ച് പൌലൊസ് വ്യക്തമാക്കുന്നത്: ''അതുകൊണ്ടു ശിക്ഷയെ മാത്രമല്ല, മനസാക്ഷിയേയും വിചാരിച്ചു കീഴടങ്ങുക ആവശ്യം എന്നത്രേ'' (റോമർ 13:5). ചിലർക്കു ബലഹീന മനസാക്ഷിയുള്ളതായി പൌലൊസ് പറയുന്നുണ്ട് (1 കൊരിന്ത്യർ 8:7). പിന്നീട് സ്വന്ത മനസാക്ഷിയിൽ ചൂടുവെച്ചവരായവരെ പററി സൂചിപ്പിക്കുന്നുണ്ട്. വേറൊരർത്ഥത്തിൽ പറഞ്ഞാൽ അവരുടെ മനസാക്ഷി നിർജ്ജീവമായി പോയി എന്നു പറയാം. സത്യം അറിഞ്ഞിട്ടും തെററു ചെയ്യുന്നവരുടെ മനസാക്ഷിയെ

യാണ് വിവക്ഷിക്കുന്നത്. ശുദ്ധിയുള്ളവർക്കു എല്ലാം ശുദ്ധം തന്നേ; എന്നാൽ മലിനന്മാർക്കും അവിശ്വാസികൾക്കും ഒന്നും ശുദ്ധമല്ല; അവരുടെ ചിത്തവും മനസാക്ഷിയും മലിനമായി തീർന്നിരിക്കുന്നു (തീത്തോസ് 1:15). അവിടെയാണ് ആളുകൾ സത്യവും അസത്യവും തമ്മിൽ കൂട്ടിക്കുഴച്ച് ജീവിതത്തെ നയിക്കുന്നവരായി തീരുന്നത്.

ഈ വേദഭാഗങ്ങൾ പരിശോധിച്ചാൽ മനസാക്ഷിയുടെ വ്യത്യസ്ത സ്ഥിതിയെ പററി വിവരിച്ചിരിക്കുന്നതായി മനസിലാക്കാം. എന്നാൽ എന്താണ് ഒരു മനസാക്ഷി എന്നു പറഞ്ഞാൽ? ഹൃദയം, മനസ്, ആത്മാവ് എന്നിവയുമായി ബന്ധപ്പെട്ടതാണ് മനസാക്ഷി എന്നു പറയാം. ബാല്യം മുതൽ നാം ശേഖരിച്ചു വെച്ചിട്ടുള്ള അറിവിനെ ആസ്പദമാക്കി, അഭിപ്രായങ്ങൾ എടുക്കുക, തീരുമാനങ്ങൾ എടുക്കുക, എന്തുവിശ്വസിക്കണം, എന്തു വിശ്വസിക്കരുത്, എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നു രൂപപ്പെടുത്തുകയാണ് ഒരു വ്യക്തി. ഉള്ളിലെ തീരുമാനമനുസരിച്ചാണല്ലോ നാം പ്രവൃത്തികൾ നടത്തുന്നത്. ആന്തരിക മനുഷ്യൻ എന്നു ചിലർ അതിനെ വിളിക്കുന്നു. എന്തായാലും എല്ലാവരിലും മനസാക്ഷിയുണ്ടാകും. നല്ലതാകാം, മോശമാകാം എന്ന വ്യത്യാസം ഉണ്ടെന്നു മാത്രം. മനസാക്ഷിയില്ലാത്ത പെരുമാററം, പ്രവൃത്തി എന്നൊക്കെയുള്ള പദപ്രയോഗം മനുഷ്യർക്കിടയിൽ ഉണ്ട്. അതു ദൈവ വചന പ്രകാരമുള്ള ഒന്നല്ല. ശരിയായ രീതിയിൽ ഉപയോഗിക്കേണ്ടതിനു തന്നിട്ടുള്ള കാണാത്ത ഒരു ഭാഗമാണ് മനസാക്ഷി എന്ന കാര്യം നാം വിസ്മരിക്കരുത്.

അനേകം ആളുകൾ തങ്ങളുടെ മനസാക്ഷിയുടെ ആക്ഷേപമോ എതിർപ്പോ കണക്കിലെടുക്കാതെ മതപരമായ കാര്യങ്ങളിലും ധാർമ്മികമായ മററു കാര്യങ്ങളിലും തീരുമാനമെടുക്കയും പ്രവർത്തിക്കയും ചെയ്യുന്നുണ്ട് എന്ന പരമാർത്ഥം സമ്മതിച്ചേ തീരൂ. ഈ വ്യക്തിയിലുള്ള

അബദ്ധം ചൂണ്ടിക്കാണിക്കാതിരിപ്പാൻ സാദ്ധ്യമല്ല. ഒരാൾക്കു ലഭിച്ചിരിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിൽ മനസാക്ഷി അംഗീകരിക്കയോ അംഗീകരിക്കാതിരിക്കയോ ചെയ്യാം. ഒരാളുടെ ജീവിതം മുഴുവൻ അയാൾ ധരിച്ചുവെച്ചിരിക്കുന്ന കാര്യം ശുദ്ധ അബദ്ധമായിരിക്കാം. പക്ഷെ സത്യമായിട്ടാണ് അതിനെ അയാളുടെ മനസാക്ഷി വിലയിരുത്തുന്നത്. തിരിച്ചും അതു യാഥാർത്ഥ്യമാണ്. ഉദാഹരണമായി ''വിശ്വാസം മാത്രം ഒരാളെ രക്ഷിക്കും'' എന്നാണ് ഒരാളെ പഠിപ്പിച്ചിട്ടുള്ളതെങ്കിൽ, ആ വ്യക്തിയുടെ മനസാക്ഷിയിൽ അതു സത്യമായിട്ടാണ് സ്വീകരിച്ചിരിക്കുന്നത്. ഒരു സഭയെ പോലെ തന്നെ മററു സഭകളും നല്ലതാണ് എന്നാണ് ഒരു വ്യക്തിയെ പഠിപ്പിച്ചിട്ടുള്ളതെങ്കിൽ അയാൾ അതു സത്യമായി വിശ്വസിക്കയും മററുള്ളവരോടു പറയുകയും ചെയ്യും. അതുപോലെ തന്നെ മറെറല്ലാം. മറെറാരു വാക്കിൽ പറയുകയാണെങ്കിൽ ഒരാളുടെ ഉള്ളിൽ സ്വരൂപിച്ചിട്ടുള്ള അറിവിന്റെ അടിസ്ഥാനത്തിലായിരിക്കും അയാളുടെ മനസാക്ഷി അംഗീകരിക്കയും അംഗീകരിക്കാതിരിക്കയും, വിശ്വസിക്കാതിരിക്കയും വിശ്വസിക്കയും ചെയ്യുന്നത്.

വചന പ്രകാരം ഒരാളിൽ നല്ല മനസാക്ഷിയുണ്ടാകണമെങ്കിൽ ആ മനസാക്ഷിയിൽ വചന പരിജ്ഞാനമുണ്ടായിരിക്കണം. എങ്കിലേ പരിജ്ഞാനമെന്ന അടിസ്ഥാനത്തിന്മേൽ അയാൾക്കു ശരിയും തെററും വിവേചിപ്പാൻ കഴിയൂ. അതിനു ശേഷം ചെയ്ത പ്രവൃത്തിയെ അതു നല്ലതാണെങ്കിൽ അങ്ങനെയുള്ള അവസരത്തിൽ നല്ല മനസാക്ഷിയോടെ ചെയ്തു എന്നു പറയാം. ഒരാളെ നയിക്കുന്നതു മനസാക്ഷിയാണെങ്കിൽ അയാളിൽ ദൈവ വചനമില്ലെങ്കിൽ അയാളെ അയാളുടെ മനസാക്ഷി തെററു ചെയ്യുവാൻ നയിക്കും. കാരണം ആ കാര്യത്തിൽ ദൈവേഷ്ടം എന്തെന്ന് അയാൾക്കു അറിഞ്ഞുകൂടാ. അതു വിശ്വാസത്തിലും പ്രവൃത്തിയിലും അനർത്ഥമാണ്.

പത്രോസിൻെറ പ്രബോധനം ഈ സന്ദർഭത്തിൽ നോക്കുന്നതു ഉചിതം തന്നെ. സ്നാനമൊ ഇപ്പോൾ ജഡത്തിൻെറ അഴുക്കു കളയുന്നതായിട്ടല്ല ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രെ യേശുക്രിസ്തുവിൻെറ പുനരുദ്ധാനത്താൽ നമ്മെയും രക്ഷിക്കുന്നു (1പത്രോസ് 3:21). രക്ഷക്കു വേണ്ടി ഒരാൾ സ്നാനമേൽക്കുമ്പോൾ അതിനു മുമ്പ് അയാൾ അനവധി വേദഭാഗങ്ങൾ മനസിലാക്കിയതിൻെറ വെളിച്ചത്തിലായിരിക്കും അതു ചെയ്യുക. അതിനു മുമ്പായി ദൈവഹിതപ്രകാരമുള്ള വിശ്വാസം, ശരിയായ മാനസാന്തരം, ദൈവപുത്രനായ ക്രിസ്തുവിനെ ഏററു പറയൽ എന്നിവ നടന്നിരിക്കണം. അതു മാത്രമല്ല. ദൈവം അരുളിച്ചെയ്തിരിക്കുന്ന മററു പലതും ചെയ്യണം. ലേഖകൻ പറയുന്നതു, ഇതു ഭൗതികമായ ഒരു കുളിയെ പോലെ അല്ല; നാം കുളിക്കുന്നതു ശരീരത്തിലെ അഴുക്കു കളയുന്നതിനായിട്ടാണ്. എന്നാൽ സ്നാനമോ ദൈവത്തോടു നല്ല മനസാക്ഷിയുണ്ടാകേണ്ടതിനു തന്നെ. കർത്താവിൻെറ ആവശ്യം ഒരാൾ അറിയുകയും അതു ചെയ്യാതിരിക്കയും ചെയ്താൽ അയാളിൽ ദൈവത്തോടു നല്ല മനസാക്ഷിയുണ്ടെന്നു എങ്ങനെ പറയാം.

വേറൊരു വിധത്തിൽ അതിനെ പറയുകയാണെങ്കിൽ, മദ്യപിക്കരുത്, മോഷ്ടിക്കരുത് എന്നു തുടങ്ങിയ മോശമായ കാര്യങ്ങളെ കുറിച്ചുള്ള അറിവ് ഒരാളിൽ ഉണ്ടായിട്ടും അയാൾ അതൊക്കെ ചെയ്യുന്നു എന്നു കരുതുക. അയാളെ പഠിപ്പിച്ചതിനു വിപരീതമായിട്ടാണ് അയാൾ പ്രവർത്തിക്കുന്നത്. അയാൾ ഇവിടെ തൻെറ മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കയാണ്. അതു അയാളെ കുററപ്പെടുത്തുകയും ഖണ്ഡിക്കുകയും ചെയ്യും. ചുരുക്കി പറഞ്ഞാൽ മനസാക്ഷി ചില അവസരങ്ങളിൽ ശരിയായി നയിക്കും. മററു ചിലപ്പോൾ തെററായി നയിക്കും. അതുകൊണ്ട് മനസാക്ഷിയെയല്ല നമ്മുടെ സഹായിയായി നാം സൂക്ഷിക്കേണ്ടതു. പിന്നെയോ ദൈവവചനമാണ്.

വീണ്ടും ഊന്നി പറയാൻ ആഗ്രഹിക്കുന്ന കാര്യം എന്തെന്നാൽ, ആത്മീയ കാര്യങ്ങളിൽ മനസാക്ഷിയെ അനുനയിക്കാവുന്ന ഏക അവസരം, മനസാക്ഷി ദൈവ വചനത്താൽ ഭരിക്കപ്പെടുന്ന സമയത്താണ്. അല്ലാത്ത സമയത്ത് മനസാക്ഷിയുടെ പേരു പറഞ്ഞ് ഒന്നും നീതീകരിക്കാവുന്നതല്ല. ദൈവ വചനം കൂടാതെ ഒരാളുടെ പ്രവൃത്തിയെ മനസാക്ഷി അംഗീകരിച്ചുവെങ്കിൽ പോലും അതു ദൈവ മുമ്പാകെ ശരിയാകണമെന്നില്ല. തെററായി നയിക്കുവാൻ പരിജ്ഞാനമില്ലാത്ത മനസാക്ഷി ഇടയാക്കും എന്ന വസ്തുത നാം ഓർമ്മിക്കണം. തന്നെത്താൻ വഞ്ചിക്കാതിരിപ്പാൻ ശ്രമിക്കുക. നിങ്ങൾ എന്തു ചെയ്യണമെന്ന് അറിവാൻ, ദൈവ വചനം വായിച്ചു ഗ്രഹിക്കുകയാണ് വേണ്ടത്. അതു പറയുന്നതു ദൈവേമാകയാൽ, ദൈവ വ്യവസ്ഥയാണ്. ദൈവേഷ്ടപ്രകാരം ഒരാളെ തന്റെ മനസാക്ഷി നയിക്കുവാൻ അവസരം ഉണ്ടാകേണ്ടതിനു ഒരു നല്ല മനസാക്ഷി ഉണ്ടാകണം. അതിനായി ദൈവ കല്പനകൾ പൂർണ്ണ ഹൃദയത്തോടെ അനുസരിക്കുക.

★

# ദൈവം സത്യവാൻ

## വില്ലാർഡ് തർമാൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

## ദൈവ വചനത്താലത്രെ എല്ലാവരേയും വിധിക്കുന്നതു

ന്യായവിധി നാളിൽ നാം ക്രിസ്തുവിനെ നേരിടേണ്ടതാണ്. ന്യായ വിസ്താര മാനദണ്ഡം ദൈവ വചനപ്രകാരമായിരിക്കും. "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവനുണ്ടു; ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവ

നെ ന്യായം വിധിക്കും. ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവു തന്നെ ഞാൻ ഇന്നതു പറയേണം എന്നും ഇന്നതു സംസാരിക്കേണം എന്നും കല്പന തന്നിരിക്കുന്നു (യോഹന്നാൻ 12:48-49). ദൈവവിശ്വാസികളായ മനുഷ്യരാൽ ആ വചനം ലിഖിതപ്പെടുത്തി സുവിശേഷ രൂപത്തിൽ നമുക്കു നല്കിയിരിക്കുന്നു. കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു. അതാകുന്നു നിങ്ങളോടു പ്രസംഗിച്ച വചനം (1 പത്രൊസ് 1:25). ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്നാൽ എന്റെ വചനമോ എന്നേക്കും നിലനില്ക്കും എന്നാണ് കർത്താവ് അരുളിച്ചെയ്തതു. ദൈവവചനത്തെ മറുത്തു, ധിക്കരിച്ചു തള്ളിക്കളഞ്ഞ് അതിനെതിരായി ജീവിക്കുന്നവർക്കു ന്യായവിധി ഭയങ്കരമായിരിക്കും. അതു ക്രൂരമാണ് എന്നു പറഞ്ഞുവരുന്നവരുണ്ട്. പക്ഷെ നീതിയുള്ള ന്യായവിധി അതാണ്. അതുകൊണ്ട് ദൈവം പറഞ്ഞിരിക്കുന്നു: ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽ കൂടെ നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ (വെളിപ്പാട് 22:14). അന്നാളിൽ ആർക്കും ദൈവത്തോടു തർക്കിക്കാനോ വാദിച്ചു നില്പാനോ കഴിയുകയില്ല.

## എങ്ങനെ രക്ഷ നേടാം ?

നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാകുന്നു; അവൻ അതു നിവർത്തിക്കും. മനുഷ്യരുടെ കല്പനകളും ഉപദേശങ്ങളും നശിപ്പിക്കത്തക്കതാണെങ്കിൽ, ദൈവ വചനത്തിൽ ആശ്രയിക്കുന്നവർക്കു ആശ്വാസം ലഭിക്കുന്ന സന്ദർഭവുമായിരിക്കും അത്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല (എബ്രായർ 11:6). സുവിശേഷം കേൾക്കുവാൻ അവസരം കിട്ടാത്ത ആളുകളെ ദൈവം വെറുതെ വിടും എന്നു ആളുകൾ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ ദൈവം എവിടെ പറഞ്ഞിരിക്കുന്നു ? ദൈവത്തിലാണോ നിങ്ങൾ വിശ്വസി

ക്കുന്നത് അതോ മനുഷ്യരിലാണോ ? മാനസാന്തരപ്പെട്ടില്ലെങ്കിൽ എല്ലാവരും അങ്ങനെതന്നെ നശിച്ചു പോകും (ലൂക്കൊസ് 13:3). മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനപ്പെടുവാൻ തയ്യാറാകുന്ന വ്യക്തി യേശു ക്രിസ്തു ദൈവ പുത്രനാണെന്ന വിശ്വാസം ഏററു പറയണം. എന്നിട്ടാകണം വെള്ളത്തിലുള്ള അടക്കം (മത്തായി 10:32; പ്രവൃത്തി 2:38). ആധുനിക ചിന്താഗതിക്കാർ പറഞ്ഞേക്കാം: പാപത്തെക്കുറിച്ച് അനുതപിച്ചാൽ മതി, ദൈവം ക്ഷമിക്കും എന്ന്. പക്ഷെ ദൈവം എന്താണ് പറഞ്ഞിരിക്കുന്നത് ? ദൈവ പുത്രനായി വന്ന ക്രിസ്തുവിനെ വിശ്വസിക്കയും അനുസരിക്കയും വേണം (യോഹന്നാൻ 3:36). നിങ്ങൾ മനുഷ്യരുടെ ഉപദേശത്തെയോ ദൈവത്തിന്റെ ഉപദേശത്തെയോ സ്വീകരിച്ചിരിക്കുന്നത് ? മനുഷ്യ നിർമ്മിത സഭയിലോ അതോ ദൈവ നിർമ്മിത സഭയിലോ നിങ്ങൾ വിശ്വാസം അർപ്പിച്ചിരിക്കുന്നത് ? ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്ക്കു പറയുന്നവരുമാണ്. ആകയാൽ ആ സത്യ ദൈവത്തിന്റെ സത്യമായ കല്പനകൾ അനുസരിച്ച് അതിന്റെ പ്രതിഫലം വാങ്ങുക.

ദൈവമാണ് നമ്മുടെ സേവകൻ. നാം സേവിക്കേണ്ടത് ദൈവത്തെയാണ്. പ്രവർത്തനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഭൗമിക ജീവിതത്തിൽ നാം എല്ലാവരും ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആത്മാക്കളുടെ രക്ഷക്കു വേണ്ടിയുള്ള ശ്രമം എല്ലാവരിലും ഉണ്ടാകണം. ഒരു വ്യക്തിയുടെ ജീവനു ആധാരമായിരിക്കുന്ന ഘടകങ്ങൾ തിരിച്ചറിവുള്ളവർക്കേ അതു കാണിച്ചു കൊടുക്കാൻ പററു. നിലനില്ക്കുന്ന ഇതിന്റെ ഫലം നാം വിസ്മരിക്കരുത്. ലോകപ്രകാരമുള്ള വിലയിരുത്തൽ അല്ല ഇതിനു ആവശ്യം. മറിച്ച് ദൈവ വചനത്തിൽ ദൈവം വെളിപ്പെടുത്തിയ കാര്യങ്ങളിലുള്ള വിശ്വാസമാണ് വേണ്ടത്.

★

കവിത

# അകൃത്യം

E. K. കുഞ്ഞുകുഞ്ഞ്, തേലപ്പുപാറ

അമ്മോ പുനത്തിലങ്ങേ പുറത്തൊരു,
തങ്കവും മങ്ങി തകർന്നുപോയ് നോക്കുകിൽ.
വീഥിയിലത്രയും ചിന്നിക്കിടക്കുന്നു,
രത്നവും പിന്നെ വിലപിടിപ്പുള്ളതും.

സീയോനിൻ പുത്രിയെ നിങ്ങളെയെങ്ങനെ,
കുശവന്റെ മൺപാത്രമാക്കിയെതെന്നോർക്കണേ.
കുറുനരി കുട്ടിയെ നല്ലപോലൂട്ടുന്നു,
എൻ പുത്രി മരുഭൂമി ഒട്ടകം പോലവേ.

കുഞ്ഞിളം മാനിനോ നാവു വരളുന്നു,
ഭക്ഷിപ്പാനപ്പവുമില്ലൊരു കുട്ടിക്കും.
കണ്ണീർ കണങ്ങളെ സാഗരമാക്കിയും,
ജീവിതം ദുസ്സഹം മാമകമെന്നുമേ.

വീരാളിപ്പട്ടു പുതച്ചു നടന്നവർ,
കുപ്പ പെറുക്കി തളർന്നു തകർന്നുപോയ്.
എൻപുത്രീ നിന്റെ അകൃത്യമുരക്കുകിൽ,
സോദോമിനേക്കാളധികമതാകുമേ.

യിരമ്യാ വിലപിച്ചതാർക്കെന്നറിമോ;
വായിക്കു നന്നായി ബൈബിളിൻ ട്രൂത്തിനെ.
സത്യം വിളമ്പുന്ന കൊച്ചൊരു പുസ്തകം,
മാസം പിറക്കുമ്പോഴും പാറിപ്പറക്കുന്നു.
കേരള മണ്ണിലും ഭാരത മണ്ണിലും.

★

സ്ത്രീകൾക്കു വേണ്ടി

# അവളുടെ മക്കളിന്മേൽ അവളുടെ ശക്തി

**ബെററി B. C.**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

**പി**ന്നെയും അവനു അറിയാൻ ആഗ്രഹമുണ്ടായി കാണും മറെറന്തെല്ലാം അവൻെറ അപ്പനോടു ദൈവം പറഞ്ഞു എന്ന്. "എനിക്കു വേണ്ടി അമ്മ എത്രനാൾ പ്രാർത്ഥിച്ചു"? ദൈവം വാസ്തവത്തിൽ പ്രാർത്ഥന കേട്ട് എന്നെ അമ്മക്കു നല്കിയതാണോ? ഇങ്ങനെയുള്ള ധാരാളം സംശയങ്ങളും ചോദ്യങ്ങളും അവൻെറ ഇളം മനസിൽ നിന്നു ഉയിർത്തെഴുന്നേററിരിക്കും. അതിനെല്ലാം ശാന്തമായി അവരം ഓരോന്നോരോന്നായി വാത്സല്യത്തോടെ മറുപടി കൊടുത്തിരിക്കും. ദൈവീക പരിജ്ഞാനം അങ്ങനെ യോസേഫിൽ വളർന്നു വന്നു.

യോസേഫിൻെറ ചെറുപ്രായത്തിൽ അവൻെറ ഹൃദയത്തിൽ വീണ വാക്കുകളും വിശ്വാസത്തിൻെറ പാഠങ്ങളും വേരൂന്നി വളർന്നു. അന്യ ദേവന്മാരെ സേവിച്ചിരുന്ന മിസ്രയീമിൽ അവൻ വളരെക്കാലം പ്രവാസത്തിലായിരുന്നു. തെററായ കുററാരോപണത്തിനിരയായി തീർന്നു, അടിമത്വത്തിൻെറ വേദന അനുഭവിച്ചു, വർഷങ്ങളോളം തടവിൽ കിടക്കേണ്ടി വന്നു. ദൈവം തന്നോടു കൂടെയുണ്ട് എന്ന കാര്യം അവൻ ഒരിക്കലും മറന്നില്ല. തനിക്കെതിരായി ഉയരുന്ന എതിർപ്പുകളേയും ആരോപണങ്ങളേയും നേരിട്ട് അതിജീവിക്കുവാൻ തക്ക കഴിവു തനിക്കു ദൈവം തരും എന്ന കാര്യത്തിൽ അവനു സംശയമേയില്ലായിരുന്നു

(ഉല്പത്തി 45: 7-8). ദൈവത്തിൽ ഉറപ്പില്ലാത്തവരാണെങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ തളർന്നു പോകും. പക്ഷെ അവൻ അതെല്ലാം സഹിച്ചു നിന്നു. അതുകൊണ്ട് അവന്റെ ജീവിതത്തെ ദൈവം ഉയർത്തി.

ഇന്നത്തെ അമ്മമാർക്കു മക്കളോടുള്ള കടപ്പാടിൽ അവരെ ലൗകിക വിദ്യാഭ്യാസത്തിൽ ഉയർത്തണമെന്ന ആഗ്രഹമുണ്ട്. അതിനു വളരെയധികം അദ്ധ്വാനിക്കുന്നുണ്ട്. ആരോഗ്യ പരിപാലനത്തിനും അവർ സമയം കണ്ടെത്താറുണ്ട്. അതിനേക്കാൾ പ്രാധാന്യം അവരെ ദൈവത്തിന്റെ വഴി പഠിപ്പിച്ചെടുക്കുവാൻ കൊടുക്കണം. അവരുടെ സ്വഭാവ രൂപീകരണം സ്വയമായി ഏറ്റെടുക്കുന്നതിനു മുൻപ് അവരെ ബോധ്യപ്പെടുത്തേണ്ട ആത്മീയ വശങ്ങൾ പലതുണ്ട്. അവയെല്ലാം അവരെ പഠിപ്പിച്ചാൽ അതനുസരിച്ചായിരിക്കും അവരുടെ ജീവിത ശൈലി. അതുകൊണ്ട് അമ്മയായ എനിക്ക് എന്റെ മക്കളെ വളർത്തുമ്പോൾ അവർ ആരായി തീരണം എന്നു ദൈവം ആഗ്രഹിക്കുന്നുവോ ആ രീതിയിൽ അവരെക്കുറിച്ച് ഞാൻ ആഗ്രഹിക്കണം. ഇതാണ് ദൈവേഷ്ടം.

മക്കൾ ദൈവം തരുന്ന ദാനവും പ്രതിഫലവുമാകയാൽ അവരെ നാം അർഹിക്കുന്ന പ്രാധാന്യത്തോടെ വളർത്തണം. അവർക്കു കാണിച്ചു കൊടുക്കുന്ന വഴി സത്യസന്ധമായിരിക്കണം. കാപട്യമോ കള്ളമോ അവർ മാതൃകയാക്കാൻ അനുവദിക്കരുത്. ദൈവ വചനം രാപ്പകൽ ധ്യാനിപ്പാനും അതിൽ നില നില്ക്കാനും അവരെ അഭ്യസിപ്പിക്കണം. അമ്മയപ്പന്മാരെ ബഹുമാനിക്കേണ്ട രീതിയിൽ വേണം അവരുടെ ജീവിതം വളരുവാൻ. ദൈവിക സ്വഭാവം അവർക്ക് അടിസ്ഥാനമായി കാണപ്പെട്ടാൽ അവരെക്കുറിച്ച് നിങ്ങൾ വ്യസനിക്കേണ്ടി വരികയില്ല. കുട്ടികൾ ആയിരിക്കുമ്പോൾ അവരുടെ തെറ്റുകൾക്കു ശാസനയും ശിക്ഷയും നല്കണം.

★

# രക്ഷാ ദിവസം

## തോമസ് മാത്യു

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

യേശുക്രിസ്തുവിലെ വിശ്വാസത്താലല്ലാതെ മനുഷ്യൻ "രക്ഷ" പ്രാപിക്കുന്നില്ല എന്നു തന്നെ വേദപുസ്തകം വിളിച്ചറിയിക്കുന്നു. "വിശ്വാസം നമ്മിൽ ഉളവാകുന്നതെങ്ങനെ" ?

സുവിശേഷം കേട്ട് ദൈവ കൃപ ഹൃദയത്തിൽ വ്യാപരിച്ച് തൽസമയം ക്രിസ്തുവിൽ വിശ്വസിപ്പാൻ തക്ക "കൃപ" തരികയും ചെയ്യുന്നു. തദവസരം വിശ്വാസശക്തിയാൽ ക്രിസ്തുവിനെ സ്വന്തമാക്കി തീർക്കുന്നു. തുടർന്നു രക്ഷിക്കപ്പെടുന്നു. രക്ഷിക്കപ്പെടുന്നവർക്ക് മാത്രമേ ദൈവ മക്കൾ എന്ന അവകാശവും പദവിയും ലഭ്യമാകയുള്ളു (യോഹ: 1:12; 1യോഹ: 3 1). ക്രിസ്തുവിൽ വിശ്വസിക്കുന്നവന് രക്ഷയുണ്ട് എന്ന് പ്രവാചക തിരുവെഴുത്തും സാക്ഷ്യം പറയുന്നു. "അവനിൽ (ക്രിസ്തുവിൽ) വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല" എന്നും അരുളിച്ചെയ്യുന്നു (യെശ: 28:16).

3. സൗജന്യമായ് രക്ഷിക്കപ്പെടുന്നു (റോമ: 3:24). രക്ഷ എന്നത് ദൈവത്തിന്റെ ദാനം എന്നതാണ് ഇവിടെ വിവക്ഷിച്ചിരിക്കുന്നത്. അതേ: നമ്മുടെ ദൈവത്തിന്റേയും, കുഞ്ഞാടിന്റേയും, ദാനമാകുന്നു (വെളി: 7:10). സൗജന്യമെന്നു പറയുമ്പോൾ വിലയില്ലാത്തത് എന്ന് അർത്ഥമില്ല. "രക്ഷ ആവശ്യമായിരിക്കുന്ന മനുഷ്യന് അതിന്റെ വില നൽകുവാൻ കഴിവില്ല, അവൻ നൽകേണ്ടതുമില്ല എന്നു തന്നെ". യേശുക്രിസ്തുവിന്റെ രക്തം തന്നെ മനുഷ്യന്റെ രക്ഷക്കു മറുവിലയായി തീർന്നിരി

ക്കുന്നത്. അത് വിലയേറിയ രക്തം എന്നത്രേ പറഞ്ഞിരിക്കുന്നത് (റോമ: 3:21; 1തിമൊ: 2:6; 1പത്രോ: 1:19). യേശുക്രിസ്തുവിൽ ദൈവം നൽകിയിട്ടുള്ള ഈ നിസ്തുല്യ രക്ഷയെ കരസ്ഥമാക്കുവാൻ, വിലയും, ദ്രവ്യവും കൂടാതെ വാങ്ങി കൊള്ളുവാൻ പ്രവാചകനിൽ കൂടെ അറിയിച്ചിരിക്കുന്നതു ശ്രദ്ധേയമാണ്. ''അല്ലയോ ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്ത ഏവരുമേ വെള്ളത്തിനു വരുവിൻ'' (യെശ: 55:1). ദാനമായ് ലഭിക്കുന്ന രക്ഷയുടെ സൂചനയാണിവിടെ കാണുന്നത്.

4. പ്രത്യാശയാൽ രക്ഷിക്കപ്പെടുന്നു (റോമ: 8:24). ഈ വേദവാക്യം നമുക്ക് അല്പം ചിന്തിക്കേണ്ടതാണ്. പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. കാണുന്ന പ്രത്യാശയോ പ്രത്യാശയല്ല. ഒരുത്തൻ കാണുന്നതിനായി ഇനി പ്രത്യാശിക്കുന്നതെന്തിന് ? നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു.

ഈ വാക്യത്തിൽ ''പ്രത്യാശ'' എന്ന പദം അഞ്ചു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതായി കാണാം. അത് അതിൻെറ പ്രാധാന്യം വെളിവാക്കുന്നു. ദൈവമക്കളുടെ വീണ്ടെടുപ്പായ രൂപാന്തരത്തെക്കുറിച്ചാണ് ഇവിടത്തെ പ്രതിപാദന വിഷയം. ''അതായത് ഇപ്പോഴ് നാം പ്രാപിച്ചിരിക്കുന്ന രക്ഷയുടെ സന്തോഷത്തെയോ സമൃദ്ധിയെയോ കുറിച്ചുള്ളതല്ല.'' ''പ്രത്യുത നാം പ്രാപിപ്പാനുള്ള സ്വർഗ്ഗീയ അവസ്ഥയുടെ സൗഭാഗ്യ വീക്ഷണമാണ്. രക്ഷിക്കപ്പെടുന്ന വിശ്വാസിയുടെ ഹൃദയാന്തർഭാഗത്ത് പ്രകാശം പരത്തുന്ന ഭാവി കാര്യങ്ങളുടെ കാഴ്ചയത്രേ പരിശുദ്ധാത്മാവ് നൽകുന്നത്.'' ക്രിസ്തുമാർഗ്ഗത്തിൻെറ ലക്ഷ്യം ഭാവിയുടെ നിശ്ചയമാണ്. അത് വിശ്വാസത്താൽ ലഭ്യവും, പരിശുദ്ധാത്മാവിനാൽ ശക്തവുമാണ്, അനുസരണത്തെ മാററി നിർത്താവുന്നതുമല്ല.

മൺശരീരങ്ങളാകുന്ന മനുഷ്യ വർഗ്ഗത്തെ മഹിമാധാരികളായ സ്വർഗ്ഗീയരായി രൂപാന്തരപ്പെടുത്തുന്ന ദൈവശക്തിയാണ് സുവിശേഷം- അത് തേജസ്സാണ് (2കൊരി: 4:4). ക്രിസ്തുവും തേജസ്സാണ് 3:18). സുവിശേഷം അംഗീകരിക്കുന്നവന്റെ അന്തർഭാഗത്ത് ഒരിക്കൽ തേജസ്കരണം നടക്കുന്നു. ക്രിസ്തുവിന്റെ മടങ്ങിവരവിൽ സുവിശേഷം സ്വീകരിച്ചവരുടെ ശരീരവും തേജസ് പ്രാപിക്കുന്നു. ആത്മാവിന്റേയും, ശരീരത്തിന്റേയും വീണ്ടെടുപ്പാണ് ക്രിസ്തുവിനാൽ സാദ്ധ്യമാകുന്നത്.

രക്ഷയിൽ ത്രികാല അനുഭവങ്ങൾ അടങ്ങിയിട്ടുള്ളതായി കാണാം. ഒന്ന് - ഇപ്പോൾ നാം പാപങ്ങളെ ഉപേക്ഷിച്ച് ക്രിസ്തുവിൽ അനുസരണം പ്രാപിക്കുന്നതുകൊണ്ട് ഒരിക്കലായി രക്ഷിക്കപ്പെട്ടിരിക്കുന്നു (എഫെ: 2:8). രണ്ട് - നീതികരിക്കപ്പെട്ട വിശ്വാസി രക്ഷ നിലനിർത്താൻ വചനത്തിൽ വളർന്നു കൊണ്ടിരിക്കുന്നു. അതിന് രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു പറയാം. രക്ഷക്കായി വളരുവാൻ "വചനം" എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ (1പത്രോ. 2:2). എന്നു വായിക്കുന്നു. അതേ, ആത്മീക ജീവിതം വളർച്ച, പ്രായം, ഉന്നതി, പൂർത്തീകരണം എന്നിങ്ങനെ ഓരോ ഘടന പ്രാപിക്കുന്നു എന്നുള്ള അനുഭവങ്ങളാണ് (എബ്രാ: 11-40). യേശുക്രിസ്തുവിനോളം എന്നതാണ് അതിന്റെ വളർച്ചാപരിധി ആയതിന് ആവശ്യമായ സംരക്ഷണ ഭക്ഷണം ദൈവ വചനവുമാണ്. മൂന്ന് - നാം നിത്യമായി രക്ഷപ്പെടും എന്നതാണ്. "തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷക്കായി അവൻ പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകും" (എബ്രാ: 9:28). കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങി വരവിൽ നമ്മുടെ താഴ്മയുള്ള ശരീരം തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി തീരുമ്പോൾ നമ്മുടെ രക്ഷ പൂർത്തീകരിക്കപ്പെടുന്നതാണ്. ഈ ദൃശ്യം ഒരിക്കൽ പാപങ്ങളെ ഉപേക്ഷിച്ചും തുടർന്ന് പാപങ്ങളെ ജയിച്ചും ഒടുവിൽ പാപശരീർ

ത്തെ ഉപേക്ഷിച്ചും നാം രക്ഷിക്കപ്പെടുന്നു.

‘‘രക്ഷാ ദിവസത്തിന്റെ’’ പ്രാരംഭഘട്ടത്തിൽ തന്നെ പുതിയനിയമ സഭയുടെ ഉപദേശം വിളംബരം ചെയ്യുകയുണ്ടായി. പരിശുദ്ധാത്മാവിനാൽ നല്കപ്പെട്ട വചനം സാക്ഷീകരിച്ചത് അതാകുന്നു. ആരംഭമായി അറിയിച്ചത്, പ്രവർത്തി പുസ്തകം 2-ാം അദ്ധ്യായം 38 മുതൽ 42 വരെയുള്ള വാക്യങ്ങളിൽ കാണാവുന്നത് അതാണ്. വിശുദ്ധ പത്രോസ് പ്രസ്താവിച്ചിരിക്കുന്നതാണിത്. പരിശുദ്ധാത്മാവിന്റെ ദാനം, വേർപാട്, ഉപദേശം, കൂട്ടായ്മ, പ്രാർത്ഥന എന്നീ ഏഴു സംഗതികൾ അവിടെ കാണുന്നു. ഇത് ദൈവീക പൂർണ്ണ സംഖ്യയെ കാണിക്കുന്നു. ദൈവമാണ് ഇവ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ദൈവ നിർണ്ണയം എന്ന് ഗ്രഹിപ്പാൻ പ്രയാസമില്ലല്ലോ.....

‘‘സഭ’’ എന്നാൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം എന്നാണ് അർത്ഥം. അതിന് മൂലഭാഷയിൽ (Ekklesia) എക്ലീഷ്യാ എന്നു പറഞ്ഞിരിക്കുന്നു. സർവ്വലോകത്തിന്റേയും മാനസാന്തരം ഈ കൂട്ടത്തിൽ പെടുന്നില്ല. പിന്നെയോ ‘‘യേശുവിന്റെ നാമത്തിൽ നിർദ്ദിഷ്ട ഉപദേശത്താൽ പ്രത്യേക നിലയിൽ വേർതിരിച്ചെടുക്കുക എന്നതാണ് അർത്ഥം. യെഹൂദമതം പുതുക്കിയതല്ല സുവിശേഷം. ന്യായപ്രമാണവും പ്രവാചകന്മാരും യോഹന്നാൻ വരെ ആയിരുന്നുള്ളു.

മോശയും ന്യായപ്രമാണവും ആ യുഗത്തിലേക്ക് മാത്രമായിരുന്നു. എന്നാൽ കൃപാദാതാവായ യേശുക്രിസ്തുവും കൃപയും മറ്റൊന്നിലേക്കുള്ള ആരംഭമാണ്.

★

(ശേഷം അടുത്ത ലക്കത്തിൽ)

# "ഞങ്ങൾ എല്ലാവരും അതുപോലെയല്ല"

**മിഖായേൽ. ജി**

ഇതുപോലെയുള്ള വിസമ്മത സൂചനകൾ ഒരു ക്രിസ്ത്യാനിയുടെ അനുഭവത്തിൽ സഹിക്കേണ്ടിവരുന്നുണ്ട്. യഥാർത്ഥ ക്രിസ്ത്യാനിയായിത്തീരാത്ത ഒരു സ്നേഹിതനോടു ഞാൻ ഒരിക്കൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, കർത്താവിന്റെ സഭയിലെ ഒരംഗത്തിന്റെ ദുസ്വഭാവത്തെ എടുത്തുകാണിക്കുകയുണ്ടായി. ആ അംഗത്തിന്റെ അഭക്തിയുടെ ലക്ഷണമായ ആത്മാർത്ഥതയില്ലായ്മ വീണ്ടും വീണ്ടും തെളിയിക്കാൻ തുടങ്ങി. എന്തിനധികം പറയുന്നു, ഞാനും പറഞ്ഞുനോക്കി. പക്ഷെ ആ സാഹചര്യത്തിൽ എന്റെ സഹോദരനെ സംരക്ഷിക്കാൻ എനിക്കു കഴിഞ്ഞില്ല. എനിക്ക് അയാൾ പറയുന്നതു ശ്രദ്ധിച്ചു കേട്ടുകൊണ്ടിരിക്കാനും അവസാനം "ക്രിസ്തുവിന്റെ സഭയിലെ എല്ലാ അംഗങ്ങളും അതുപോലെയല്ല" എന്നു പറയാനും മാത്രമെ കഴിഞ്ഞുള്ളു. മാതൃകയില്ലാത്ത ജീവിതത്തിലേക്കു തിരിയുന്നവർ വരുത്തിവെക്കുന്ന വിന എത്രമാത്രം വലുതാണെന്ന് അവർ ചിന്തിക്കേണ്ടിയിരിക്കുന്നു.

സഹോദരന്മാരെ വേദനിപ്പിക്കുന്ന ഒന്നാണിതു. ലോകത്തിലുള്ള ഒരു വ്യക്തിയെ നേടുവാൻ സകല പ്രയത്നവും ചെയ്യുമ്പോഴായിരിക്കും ഇങ്ങനെ കേൾക്കുന്നത്. നിങ്ങളുടെ കൂട്ടത്തിൽ ഉള്ളവർ ഇങ്ങനെയായാൽ പിന്നെ ഞങ്ങൾ അവിടെ വന്നാൽ എന്തായിരിക്കും സ്ഥിതി എന്നുപോലും ചോദിച്ചേക്കാം. അരുതാത്ത ഏതൊരു പ്രവർത്തിയും ചെയ്യാതിരിക്കാൻ കർത്താവിന്റെ സഭയിലുള്ളവർ ശ്രമിക്കണം. സുവിശേഷം അറിയിക്കുന്നതിനു തടസം ഉണ്ടാകുന്ന വിധത്തിലുള്ള സംസാരമോ, സ്വഭാവമോ ജീവിതത്തിൽ ഉണ്ടാകരുത്.

ഞാൻ മൂലം ഒരു ആത്മാവിനെ രക്ഷിക്കാൻ കഴിയാതെ വരുന്നതിന്റെ ഉത്തരവാദിത്വം എന്നിൽ നിക്ഷിപ്തമാണ്. ഞാനും ക്രിസ്തുവിന്റെ സഭയിലെ ചില അംഗങ്ങളെപ്പോലെ തന്നെയാണ് ആതുകൊണ്ട് എനിക്ക് സഭയിലെ അംഗത്വത്തിന്റെ ആവശ്യം തന്നെയില്ല എന്ന ന്യായീകരണവും പറഞ്ഞുകേൾക്കാറുണ്ട്. ഇതുപോലെയുള്ള ആളുകൾ ഉള്ള സഭയിൽ എനിക്ക് ചേരുകയേവേണ്ട എന്നു പറയുന്നതും നിങ്ങൾ കേട്ടിരിക്കാം. സഭയുടെ വാതിലാണ് കർത്താവ്, കർത്താവാകുന്ന വഴി സഭയിലേക്കുള്ള പ്രവേശനമാണ്. എന്നാൽ ചിലരുടെ പ്രവൃത്തികൾ നിമിത്തം കർത്താവു ആ വഴിയിൽ നിന്നു നീങ്ങി പോകുവാൻ ഇടയാകരുത്. അങ്ങനെയുള്ള അംഗങ്ങൾ മാനസാന്തരപ്പെടണം.

ഒരാളുടെ തെററിന് സഭയെ ഒന്നടങ്കം അധിക്ഷേപിക്കുന്നതിനോ വിധിക്കുന്നതിനോ ആർക്കും അവകാശമില്ല എന്നു നമുക്കു പറയാം. അല്ലെങ്കിൽ ഒരാൾ തെററിപ്പോയാൽ എല്ലാവരും തെററും എന്നു പറയാൻ സാദ്ധ്യമല്ലല്ലോ എന്നും നമുക്കു ആളുകളോടു പറയാം. പക്ഷേ ഈ ചെറിയ ലേഖനത്തിന്റെ ഉദ്ദേശം അതല്ല. കർത്താവിന്റെ സഭയിലുള്ള അംഗങ്ങൾ എല്ലാവരും ഒരു നിമിഷം ചിന്തിക്കുക. നാം നമ്മെ ലോകത്തിനു കാണിച്ചുകൊടുക്കുന്ന കാഴ്ചപ്പാട് എന്താണ്? നമ്മെക്കുറിച്ച് മററുള്ളവർ എന്താണ് കാണുന്നത്? മററുള്ളവർക്ക് അപവാദം പരത്തത്തക്കരീതിയിൽ എന്നിൽ എന്തെങ്കിലും ഉണ്ടോ എന്ന് ഓരോരുത്തരും ചിന്തിക്കണം. ഉണ്ടെങ്കിൽ സ്വയമായി അതു തിരുത്തണം. ക്രിസ്തീയ ജീവിതത്തിന്റെ മഹത്വം പുതുക്കമുള്ള രൂപാന്തരത്തിൽ ഊന്നി നില്ക്കുന്നു. പഴയ സ്വഭാവങ്ങൾ ഒന്നും എന്നിൽ ഉണ്ടാകാവുന്നതല്ല.

നമുക്ക് ആർക്കും പരിപൂർണ്ണമായ ജീവിതം നയിക്കാൻ കഴികയില്ല. യേശുക്രിസ്തു പറയുകയുണ്ടായി. ഇടർച്ചകൾ വരാതിരിക്കുന്നതു അസാദ്ധ്യം. (ലൂക്കോസ് 17:1). എന്നാൽ താഴോട്ട് പറയുന്ന പ്രസ്താവനകൾ

നമുക്കു നോക്കാം. എങ്കിലും അവ വരുത്തുന്നവനു അയ്യോ കഷ്ടം. അവൻ ഈ ചെറിയവരിൽ ഒരുത്തനു ഇടർച്ചവരുത്തുന്നതിനെക്കാൾ ഒരു തിരികല്ല് അവൻെറ കഴുത്തിൽകെട്ടി അവനെ കടലിൽ എറിഞ്ഞുകളയുന്നതു അവനു നന്നു. ചില ആളുകൾ വായിക്കുന്ന ബൈബിൾ നമ്മുടെ ജീവിതമാണ് എന്ന് പറയുന്നത് നിങ്ങൾ ഒരു പക്ഷെ കേട്ടിരിക്കും. അതു നല്ലതോ മോശമായതോ എന്നല്ല, പക്ഷെ വാസ്തവമാണ്. ജനങ്ങൾ ഒന്നുകിൽ സഭയെ ഒന്നടങ്കം പുകഴ്ത്തും; അല്ലെങ്കിൽ കുററപ്പെടുത്തും. അതിനുത്തരവാദി ഒരു വ്യക്തിയായിരിക്കും. ഒരാളുടെ നന്മയോ മറെറാരാളുടെ തിന്മയോ അതിനു കാരണമായിതീരുന്നു. ഇങ്ങനെയുള്ള സ്ഥിതി ഉണ്ടാകരുതു. നമുക്ക് അതു ഇല്ലാതാക്കാൻ സാദ്ധ്യമല്ല. നമുക്ക് ഒന്ന് ചെയ്യാൻ കഴിയും: അതായതു നമ്മെതന്നെ മാററി കർത്താവിൻെറ സഭക്കു അപമാനം വരുത്താതെ മാനവും മഹത്വവും വരുത്തേണ്ടതിനു പ്രവർത്തിക്കാം. അതിനു ഓരോരുത്തരും തീരുമാനം എടുക്കണം.

ഓരോ ദൈവപൈതലും ദിവസേന തന്നെത്താൻ ശോധന നടത്തേണ്ടതാണ്. നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ; നിങ്ങളെ തന്നെ ശോധന ചെയ്‌വിൻ. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരുകിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്ന് നിങ്ങളെതന്നെ അറിയുന്നില്ലയോ? പഴയനിയമത്തിൽ നാം വായിക്കുന്നതു: ''ആകയാൽ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു: നിങ്ങളുടെ വഴികളെ വിചാരിച്ചുനോക്കുവിൻ. നാം നടക്കുന്ന പാത ശരിയായിരിക്കണം. നമ്മുടെ നടപ്പ് മാതൃകയില്ലാത്തതായി തീരരുത്.

നാം എടുത്തിരിക്കുന്ന നാമം നിസ്സാരമല്ല. ക്രിസ്തുവിൻെറ നാമത്തിനു മാനം കൊടുത്തുകൊണ്ടു വേണം നാം ലോകത്തു ജീവിക്കുവാൻ. എന്താണ് കാരണം? ആദ്യമായി പറയാനുള്ളതു, നാം സ്വർഗ്ഗത്തിൽ പോകണമെന്ന

ഉദ്ദേശത്തോടെ പ്രവേശിച്ചവരാണ്. അതുപോലെ രണ്ടാമതായി മററുള്ളവരെ സ്വർഗ്ഗത്തിലേക്ക് ആനയിക്കേണ്ടവരാണ് നാം. പക്ഷെ നമ്മുടെ വായിൽ നിന്നും അരുതാത്തത് സംസാരിക്കയും, ജീവിതത്തിൽ അഴുക്കും കറയും പുരണ്ടിരിക്കയും ചെയ്താൽ അതെങ്ങനെ വിജയകരമായി പൂർത്തിയാക്കാൻ നമുക്ക് കഴിയും ? വിശുദ്ധന്മാരോടു കൂടെ സമ്പർക്കം പുലർത്തേണ്ടവർ, പരിശുദ്ധനായ ദൈവ സന്നിധിയിൽ എത്തേണ്ടവർ ആ ലക്ഷ്യം മറക്കാതെ വേണം ജീവിക്കുവാൻ. മററുള്ളവർക്കു പ്രയോജനം ഉണ്ടാക്കുന്നതോടൊപ്പം നമ്മുടെ ജീവിതത്തിലെ അന്തിമ സ്ഥാനവും നാം വിട്ടുകളയരുത് എന്നർത്ഥം.

കർത്താവിന്റെ സഭയിൽ ആയി തീർന്നവർ അവരുടെ സംസർഗ്ഗം വിശുദ്ധമായി സൂക്ഷിക്കണം. സമൂഹത്തിലുള്ള അവരുടെ സാക്ഷ്യം നല്ലതായിരിക്കണം. യേശുക്രിസ്തു പറഞ്ഞു നിങ്ങൾ ലോകത്തിനു ഉപ്പായി തീരണം, വെളിച്ചമായി തീരണം. ഇതെങ്ങനെ സാധിക്കും ? നാം നമ്മെത്തന്നെ മററുള്ളവർക്കു പ്രയോജനപ്പെടുന്ന വിധത്തിൽ ആകണം. പാപരഹിത ജീവിതം ആണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ലോകത്തിൽ ജ്യോതിസുകളെപോലെ വിളങ്ങേണ്ടവരാണ് നാം. ക്രിസ്തുവിന്റെ ശരീരത്തോടു ബന്ധിക്കപ്പെട്ട അവയവങ്ങൾ എല്ലാം ഒന്നിനൊന്ന് യോജിച്ച് പ്രവർത്തിച്ച് ശരീരത്തെ ബലപ്പെടുത്തി വളർത്തണം. അപര്യാപ്തമായ അറിവും തെററായ അറിവും പലരിൽ രോഗമുണ്ടാക്കി വെക്കും എന്നതു വാസ്തവമാണ്. കർത്താവിന്റെ സഭയെ ദൈവം ശില്പിയായി നിർമ്മിച്ചിരിക്കുന്നത് വിശുദ്ധമായി നിലനില്ക്കേണ്ടതിന്നത്രെ.

★

# വിശ്വാസത്തോടുള്ള അനുസരണം

സി. തർമാൻ

കർത്താവിന്റെ സഭയുടെ പ്രാരംഭ നാളുകളിൽ വളർച്ച ത്വരിതമായിരുന്നു. പെന്തെക്കൊസ്തു നാളിൽ യെഹൂദന്മാരോടു സുവിശേഷം പ്രസംഗിച്ചപ്പോൾ അപ്പൊസ്തലന്മാരുടെ വചനത്തോട് മൂവായിരം പേർ അനുസരണമുള്ളവരായി തീർന്നു (പ്രവൃത്തി 2:41). പിന്നീട് സംഖ്യ അയ്യായിരമായി ഉയർന്നു (പ്രവൃത്തി 4:4). പരിവർത്തനങ്ങൾ ദിവസേനയായിരുന്നു. അനുസരണമുള്ള വിശ്വാസികളുടെ എണ്ണം ക്രമേണ പെരുകി. രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു. അനേക സ്ത്രീ പുരുഷന്മാർ കർത്താവിനോടു ചേരുകയുണ്ടായി (പ്രവൃത്തി 2:47; 5:14). പിന്നെയും നോക്കുമ്പോൾ ''ദൈവ വചനം പരന്നു, യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി, പുരോഹിതന്മാരിലും വലിയൊരു കൂട്ടം വിശ്വാസത്തിനു അധീനരായിത്തീർന്നു എന്നു കാണാം'' (പ്രവൃത്തി 6:7). ആളുകൾ വിശ്വാസത്തിനു അധീനരായി മാറിയതു കൊണ്ടാണ് വളർച്ചയുണ്ടായത്. ദൈവം മനുഷ്യനു രക്ഷപ്പെടുവാൻ നല്കിയ സന്ദേശമാകുന്ന സുവിശേഷത്തിൽ ആളുകൾ വിശ്വാസത്തോടെ അനുസരണമുള്ളവരായി മാറുന്നു എന്നതു സ്പഷ്ടം.

എല്ലാവരും പാപം ചെയ്തു ദൈവ തേജസ് നഷ്ടമാക്കിയതു കൊണ്ട് എല്ലാവർക്കും രക്ഷ അനിവാര്യമെന്നു ദൈവം വെളിപ്പെടുത്തിയിരിക്കുന്നു (റോമർ 3:23). യേശുക്രിസ്തുവിന്റെ കൃപയാൽ അവങ്കലുള്ള വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരി

ക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻ കഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിച്ചു (റോമർ 3: 24-25). വിശ്വാസത്താൽ നാം രക്ഷിക്കപ്പെടും. രക്ഷിക്കപ്പെടുവാൻ ഒരു വ്യക്തിയിൽ അടിസ്ഥാനപരമായി ഉണ്ടാകേണ്ടതു ക്രിസ്തുവിലുള്ള വിശ്വാസമാണ്. സുവിശേഷത്തെ ലജ്ജിക്കുന്ന ആളുകൾ ഉണ്ട്. ദൈവ വചനത്തിന് എതിരായി നില കൊള്ളുന്ന മാനുഷിക പാരമ്പര്യത്തെക്കുറിച്ച് അവർ ലജ്ജിക്കുന്നില്ല. ദൈവ സന്ദേശത്തെ അവർ നാണിക്കുന്നു. അപ്പൊസ്തലനായിരുന്ന പൌലൊസ് എഴുതിയിരിക്കുന്നു: സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല. വിശ്വസിക്കുന്ന ഏവനും, ആദ്യം യെഹൂദനും, പിന്നെ യവനനും അതു രക്ഷക്കായി ദൈവ ശക്തിയാകുന്നുവല്ലൊ (റോമർ 1:16). എന്നാൽ നമ്മുടെ പ്രതിപാദ്യ വിഷയം വിശ്വാസത്തോടുള്ള അനുസരണമാണ്. ചിലതു വിശ്വസിക്കുകയും മററു ചിലതു പ്രമാണിക്കയും ചെയ്യുന്ന ഒരു രീതിയല്ല ഇത്.

## ഒരിക്കൽ എല്ലാവർക്കുമായി ഭരമേല്പിച്ച വിശ്വാസം

തനിക്കുള്ളവർക്കും പ്രത്യേകം സ്വന്തകുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞു അവിശ്വാസിയെക്കാൾ അധമനായിരിക്കുന്നു (1തിമൊഥെയോസ് 5:8). ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലൊ: ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹു ദുഃഖങ്ങൾക്കു അധീനരായി തീർന്നിരിക്കുന്നു (1തിമൊഥെയോസ് 6:10). ചിലർ തങ്ങളുടെ നല്ല മനസാക്ഷി തള്ളിക്കളഞ്ഞ് അവരുടെ വിശ്വാസക്കപ്പൽ തകർന്നു പോയതായി ദൈവ വചനം രേഖപ്പെടുത്തിയിരിക്കുന്നു. ഇവയിൽ എല്ലാം പറഞ്ഞിരിക്കുന്ന വിശ്വാസത്തിൽ സുവിശേഷം മുഴുവനും അടങ്ങിയിരിക്കുന്നു എന്നതു വ്യക്തം. സഭകൾ വിശ്വാസത്തിൽ ഉറക്കയും

എണ്ണത്തിൽ ദിവസേന പെരുകുകയും ചെയ്തിരുന്നു എന്നു തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പൌലൊസ് വിശ്വാസത്തെ പ്രസംഗിച്ചു എന്നു നാം വായിക്കുന്നുണ്ട്. ചിലർ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് വെളിപ്പെടുത്തിയിട്ടുണ്ട്. വേദഭാഗങ്ങളെല്ലാം നാം ശരിയായി മനസിലാക്കിയാൽ ഇവിടെ പ്രതിപാദിച്ചിട്ടുള്ള വിശ്വാസം, സുവിശേഷം തന്നെയാണെന്ന് ഗ്രഹിക്കാം.

എന്തിലെങ്കിലും വിശ്വാസമർപ്പിക്കുന്നതിനെ അല്ല, അപ്പൊസ്തലപ്രവൃത്തി 6-ാം അദ്ധ്യായം 7-ാം വാക്യത്തിൽ പറയുന്ന വിശ്വാസം. അതു പൌലൊസ് സൂചിപ്പിക്കുന്ന ഏക വിശ്വാസവും ഐക്യതയുടെ വിശ്വാസവുമാണ് (എഫെസ്യർ 4:5, 13). യൂദാ, ക്രിസ്ത്യാനികൾക്കു എഴുതുമ്പോൾ പറയുന്നത്: പ്രിയരേ, നമുക്കു പൊതുവിലുള്ള രക്ഷയെക്കുറിച്ച് നിങ്ങൾക്കു എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിനു പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്നു എനിക്കു തോന്നി (യൂദാ 3). എന്നത്രേ. മുഖപക്ഷം കാണിക്കാതെ എല്ലാ മനുഷ്യർക്കുമായി ഒരുക്കിയിരിക്കുന്ന പൊതുവിലുള്ള രക്ഷക്കുവേണ്ടിയുള്ള വിശ്വാസമാണ് ഇവിടത്തെ വിഷയം. ഈ ഭാഗത്തു പറയുന്ന വിശ്വാസം, സുവിശേഷ വ്യവസ്ഥയാണ്. അതു വിശുദ്ധന്മാർക്കു ഒരിക്കലായി ഏല്പിച്ചു കൊടുത്തതുമാണ്. യേശുക്രിസ്തു മുഖാന്തരമാണ് ദൈവം, തന്റെ രക്ഷ ലോകത്തിന്നു വെളിപ്പെടുത്തികൊടുത്തത്. അതു വെറും ഒരു തോന്നലോ ചിന്തയോ അല്ല എന്നതു നാം അറിഞ്ഞിരിക്കണം. മാനുഷിക ബുദ്ധിയനുസരിച്ചുള്ള വ്യവസ്ഥയല്ല നമുക്കാവശ്യം, ദൈവ മനസിൽ നിന്നും പുറപ്പെടുന്ന ആശയങ്ങൾക്കനുസരിച്ചതായിരിക്കണം.

## വിശ്വാസത്തോടുള്ള അനുസരണം

ജഡിക മനുഷ്യന്റെ ആഗ്രഹത്തിനൊത്ത് ഫലനിഭവിപ്പിക്കാനോ ഇല്ലായ്മ ചെയ്യാനോ വേർ പിരിക്കാനോ, ഒരു ഭാഗം മാത്രം എടുക്കാനോ വേണ്ടി നല്കിയതല്ല ദൈവത്തിന്റെ വിശ്വാസ വ്യവസ്ഥ. അതെല്ലാം ദൈവം ഭരമേല്പിച്ചതാണെന്നു തിരിച്ചറിയണം. ആത്മാവിന്റെ ഐക്യത ലക്ഷ്യമിട്ടായിരിക്കണം ജീവിക്കേണ്ടത്. ദൈവ വചനത്തിൽ ഒരു ഭാഗം പ്രധാനമായും മറ്റൊരു ഭാഗം അപ്രധാനവുമായി എടുക്കാവുന്നതല്ല. ഒന്നുകിൽ നാം എല്ലാം സ്വീകരിക്കണം. അല്ലെങ്കിൽ എല്ലാം നിഷേധിക്കണം. നമുക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാവുന്നതല്ല തിരുവെഴുത്ത്. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്ന് എഴുതിയിരിക്കുന്നു (മത്തായി 4:4). വ്യക്തിപരമായി നിങ്ങളുടെ മനസ്സിൽ തോന്നുന്നതു മാത്രം ചെയ്യാവുന്ന പ്രവണതയല്ല വിശ്വാസത്തോടുള്ള അനുസരണം. അതു ദൈവത്തെ വിശ്വസിക്കുന്നുവെങ്കിൽ ദൈവം പറഞ്ഞിരിക്കുന്നതു പൂർണ്ണമായി അനുസരിക്കണം എന്നു സൂചിപ്പിക്കുന്നു.

ദൈവ ശ്വാസീയരായ മനുഷ്യർ തങ്ങളുടെ സാക്ഷ്യത്താൽ ഭരമേല്പിച്ചു തന്നതായ സുവിശേഷത്തെ നാം താഴ്മയോടെ അംഗീകരിക്കുന്നുവെങ്കിൽ, ആരക്ഷിക്കുന്ന പദ്ധതി അതേപോലെ പൂർത്തീകരിക്കും. അപ്പൊസ്തലന്മാരുടെ എഴുത്തുകളെ പത്രൊസ് ഉറപ്പിക്കുന്നുണ്ട്. ''യേശുക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും നിങ്ങളോടു അറിയിച്ചതു നിർമ്മിത കഥകളെ പ്രമാണിച്ചിട്ടല്ല: അവന്റെ മഹിമ കണ്ട സാക്ഷികളായി തീർന്നിട്ടത്രെ'' (2പത്രൊസ് 1:16).

★

(ശേഷം അടുത്ത ലക്കത്തിൽ)

# പുരുഷൻ സഭയിൽ

ജെ. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

നമ്മുടെ മദ്ധ്യേ ഇന്നു കാണുന്ന സഭാവിഭാഗങ്ങൾ അവരുടെ മദ്ധ്യേ ഉണ്ടായിരുന്നില്ല. അവരുടെ കാലഘട്ടത്തിൽ അവർ ഭിന്നതകളെ ശാസിച്ചു. മാത്രമല്ല ക്രിസ്തുവിന്റെ ഉപദേശങ്ങളെ മറിച്ചു കളവാൻ തക്കവണ്ണം കൊടിയ ചെന്നായ്ക്കൾ നമ്മുടെ മദ്ധ്യേ ഉണ്ടാകും. അവരെ സൂക്ഷിച്ചു കൊൾക എന്നു ക്രിസ്ത്യാനികളെ ഉപദേശിച്ചു. ഈ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നാം ഇന്നു അവരെക്കാൾ മുമ്പിലല്ല. എന്നാൽ ദൈവത്തിന്റെ മുമ്പിൽ ഇവയെല്ലാം പൂജ്യങ്ങളാണെന്ന കാര്യം നാം മറക്കുന്നു. പകരം ഇതിനെയെല്ലാം ഉയർത്തി കാണിച്ചു കൊണ്ടു നാം നമ്മിൽതന്നെ അഭിമാനം കൊള്ളുന്നു, ദൈവത്തെ പുച്ഛരിക്കുന്നു. ക്രിസ്തുവിന്റെ ഉപദേശത്തെ മറിച്ചു കളയുന്നു. ഉന്നത പദവികൾ നേടുന്നതു ഒരു ക്രിസ്ത്യാനിക്കു പാടില്ലേയെന്നു ചോദിച്ചാൽ പാടില്ലായെന്നു ബൈബിളിൽ ഒരിടത്തും പറഞ്ഞിട്ടില്ല. ന്യായമായ രീതിയിൽ ഇവയെല്ലാം നേടുവാൻ ഒരു ക്രിസ്ത്യാനിക്കു അർഹതയുണ്ട്. ഈ അർഹതയിലൂടെ അവനു അവയെല്ലാം നേടാം. എന്നാലും അവന്റെ ജീവിതത്തിൽ ഒന്നാം സ്ഥാനം ദൈവത്തിനു നൽകിയിരിക്കണം. അവനു ലഭിക്കുന്ന അധികാരങ്ങൾ ദൈവത്തിൽ നിന്നാണെന്ന ബോധത്തോടു കൂടി ന്യായമായി ദൈവഹിതത്തിനു ഒത്തവണ്ണം അവൻ അവ പ്രയോഗിക്കണം.

മനുഷ്യർ സഭാതലവന്മാർ ആകുവാൻ ദൈവം ആരേയും അനുവദിക്കുന്നില്ല. എഫെ 5:23 പറയുന്നതു ക്രിസ്തു സഭയുടെ തല ആകുന്നുവെന്നാണ്. പത്രോസ് സഭയുടെ തലയാകുന്നുവെന്ന് അല്ലെങ്കിൽ സഭയുടെ

അദ്ധ്യക്ഷൻ ആകുന്നുവെന്നു ബൈബിൾ പറയുന്നില്ല. എന്നാൽ ചില സഭാവിഭാഗക്കാർ "പത്രോസേ നീ പാറയാകുന്നു. നിൻെറ പാറമേൽ ഞാൻ സഭ സ്ഥാപിക്കു" മെന്നു യേശു ക്രിസ്തു പറഞ്ഞതായി പഠിപ്പിക്കുന്നു. ഇതു തെററാണ്. മാനുഷിക അധികാരം സഭയിൽ സ്ഥാപിച്ചെടുക്കുവാൻ അവർ സ്വയം ഉണ്ടാക്കിയ ഒരു വാചകം മാത്രമാണത്. മത്തായി 16:18 ൽ പറയുന്നത് ഇപ്രകാരമാണ്. "നീ പത്രോസ് ആകുന്നു. ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല." ഈ പാറ എന്നു പറയുന്നത് പത്രോസ് അല്ല. ക്രിസ്തുവാണ്. മനുഷ്യരുടെ പാപങ്ങൾക്കായി പത്രോസ് മരിച്ചില്ല. മരിച്ചതു ക്രിസ്തുവാണ്. ദൈവം പത്രോസിനെ ഉയിർത്തെഴുന്നേല്പിച്ചില്ല. എന്നാൽ ക്രിസ്തു ഉയിർത്തെഴുന്നേററു. സഭയുടെ അധികാരങ്ങൾ തലവനായ ക്രിസ്തുവിൽ നിലനില്ക്കുന്നു. അതു അപ്പൊസ്തലന്മാർക്കോ മനുഷ്യർക്കോ കൈമാറിയിട്ടില്ല. അപ്പൊസ്തലന്മാർക്കും ക്രിസ്ത്യാനികൾക്കും ക്രിസ്തു അധികാരം നൽകി. സുവിശേഷം ലോകത്തിൻെറ നാനാ ഭാഗങ്ങളിലും പ്രചരിപ്പിക്കുവാനും വിശ്വസിക്കുന്നവരെ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനം കഴിപ്പിപ്പാനും തങ്ങളോടു ചെയ്യുന്ന തെററുകൾ മററുള്ളവരോടു ക്ഷമിപ്പാനും. ബൈബിളിലെ ഉപദേശങ്ങൾ മാററുവാൻ ആർക്കും അധികാരമില്ല. അധികാരം ഉണ്ടായിരുന്നുവെങ്കിൽ പൗലൊസ് ഗലാ 1:8 ൽ ഇപ്രകാരം പറയുമായിരുന്നില്ല. ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. കൂടാതെ വെളി 22:18-19 പറയുന്നത് ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്നു കൂട്ടുകയോ കുറക്കുകയോ ചെയ്യരുത് എന്നാണ്. അപ്പോൾ മാർപ്പാപ്പ തുടങ്ങിയ സ്ഥാനങ്ങൾ ബൈബിൾ അംഗീകരിക്കുന്നുണ്ടോ?

ഒന്നാം നൂററാണ്ടിലെ ആദിമ ക്രിസ്ത്യാനികൾ നമ്മെക്കാൾ ആത്മീയമായി വളർന്നു. ദൈവത്തിൽ അവർ ജീവിച്ചു. ഈ ലോക സുഖങ്ങളെല്ലാം പുല്ലായി കരുതി സുവിശേഷം പ്രചരിപ്പിച്ചു. കൂടുതൽ കഷ്ടങ്ങൾ അവർ അതിനായി സഹിച്ചു. നാം ഭൗതികമായി വളരുന്നു. ദൈവത്തിൽ നിന്നും അകലുന്നു. ഈ ലോക സുഖങ്ങൾക്കായി പരക്കം പായുന്നു. ഉയർന്ന വിദ്യാഭ്യാസങ്ങളും സ്ഥാനമാനങ്ങളും നേടുവാൻ അന്യായമായ വഴികൾ തിരഞ്ഞെടുക്കുന്നു. അധികാരങ്ങൾ നീതിബോധമില്ലാതെ സ്വന്തലാഭേച്ഛകൾക്കായി ഉപയോഗിക്കുന്നു. തെററുകൾ ക്ഷമിക്കപ്പെടുവാൻ വലിയ തുകകൾ പള്ളിക്കു സംഭാവന ചെയ്യുന്നു. പുരോഹിതന്മാർ പറയുന്നതു ബൈബിളിലൂടെ ശോധന ചെയ്തു ശരി കണ്ടെത്തുന്നതിനു പകരം അവർ പറയുന്നതു അന്ധമായി വിശ്വസിക്കുന്നു. സുവിശേഷം പ്രചരിപ്പിക്കുവാൻ നാം മടിക്കുന്നു. ബൈബിൾ വായിച്ചു പഠിക്കുവാൻ നാം തയ്യാറാകുന്നില്ല. അതുകൊണ്ടു നമ്മുടെ മദ്ധ്യേ ഉണ്ടാകുന്ന കൊടിയ ചെന്നായ്ക്കളുടെ ദുരുപദേശങ്ങളിൽ ആകൃഷ്ടരായി നാം അവരുടെ പിമ്പേ പോകുന്നു. ഫലം നിത്യനാശം നാം നേടി എടുക്കുന്നു. ക്രിസ്തുവിനെയും ബൈബിളിനേയും പല സഭാവിഭാഗങ്ങളിലേക്കു നാം വലിച്ചിഴക്കുന്നു. ഏതാണു സത്യമെന്നു ജനം ആശയക്കുഴപ്പത്തിലാകുന്നു.

ഇന്നു പല സഭാവിഭാഗങ്ങളും സുവിശേഷ പ്രചരണം നടത്തുന്നത് ആശുപത്രികൾ, വിദ്യാലയങ്ങൾ, അനാഥാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ടാക്കി പ്രവർത്തിപ്പിക്കുന്നതിൽ ഒതുക്കി നിർത്തുന്നു, ഇതെല്ലാം ഇന്നു സമൂഹത്തിനു ആവശ്യമാണ്. എന്നാൽ സുവിശേഷത്തിൻെറ പ്രചാരത്തിനായി ലഭിക്കുന്ന വിദേശ സ്വദേശ സഹായങ്ങളെ അവർ സ്വരൂപിക്കുന്നു. സ്വന്തം പേരുകളിൽ ഭൂമി വാങ്ങി സ്ഥാപനങ്ങൾ നിർമ്മിച്ച് കുറഞ്ഞ വേതനങ്ങളിൽ ആളുകളെ നിയമിച്ച് പ്രവർത്തിപ്പിക്കുന്നു. അതിലൂടെ ലഭിക്കുന്ന ആദായം സ്വന്തം കീശയിൽ ഇട്ട് തടിച്ചു കൊഴുക്കുന്നു. അതിലൂടെ മനുഷ്യരുടെ പ്രശസ്തി നേടുന്നു.

എന്തു തെററും കാണിക്കുവാൻ അവർ മടിക്കുന്നില്ല. നിയമം അവരെ പിടിച്ചാൽ, സ്വാധീനം ഉപയോഗിച്ചു രക്ഷപ്പെടുന്നു. അതിനു കഴിഞ്ഞില്ലെങ്കിൽ ജയിലിൽ സുഖജീവിതം അന്യായമായ വഴികളിലൂടെ അവർ ഒരുക്കി എടുക്കുന്നു.

സ്വന്ത സഹോദരൻ വീടില്ലാതെ അലയുമ്പോൾ വൻതുകകൾ ചെലവഴിച്ചു വൻ മാളിക തീർത്തു. സുഖമായി ജീവിക്കുവാൻ നമുക്കു മടിയില്ല. മററുള്ളവർ ആഹാരമില്ലാതെ വിശന്നു കിടക്കുമ്പോൾ വിഭവ സമൃദ്ധമായ ആഹാരം കഴിച്ച് നല്ലൊരംശം എച്ചിലായി വലിച്ചെറിയുവാൻ നാം മഹാമനസ്കത കാണിക്കുന്നു. സഹോദര സഭ ചിലവുകൾക്കായുള്ള പണത്തിനു ഞെരിപിരി കൊള്ളുമ്പോൾ പണം കുന്നുകൂട്ടി വച്ചു കൂടുതൽ സുഖത്തിനായി പദ്ധതികൾ തയ്യാറാക്കുന്ന സഭകൾ നമുക്ക് ഇല്ലേ. അനീതിയെ ധീരതയോടു കൂടി എതിർക്കണമെന്നു പഠിപ്പിച്ച ക്രിസ്തുവിന്റെ അനുയായികളായ നാം അനീതിക്കു വേണ്ടി പ്രവർത്തിക്കുന്നില്ലേ. അതിന്റെ മുമ്പിൽ കണ്ണടച്ചു നില്ക്കുന്നില്ലേ. നമ്മെയും വിളിക്കുന്നു ഈ ലോകം ക്രിസ്ത്യാനി എന്ന്. ബൈബിൾ സത്യമായി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ നോക്കി ചിലർ പറയുന്നില്ലേ അവർ ഭ്രാന്തന്മാരാണെന്നു. സഭക്കു ഒരാവശ്യം വരുമ്പോൾ കൈ അയച്ച് സഹായിക്കുന്നതിനു പകരം നാം സഭയെ ചൂഷണം ചെയ്യുന്നില്ലേ. സഭക്കു വേണ്ടി നാം എന്തു ചെയ്യുന്നു എന്നു ചിന്തിക്കാതെ നമുക്കു വേണ്ടി നാം എന്തു ചെയ്യുന്നു എന്നു മാത്രം വിചാരിച്ചു പ്രവർത്തിക്കുന്നില്ലേ. നാമും ക്രിസ്ത്യാനികളാണ്. ഒന്നാം നൂററാണ്ടിലെ ആദിമ ക്രിസ്ത്യാനികളെക്കാളും ക്രിസ്തുവിനെക്കാളും മുമ്പിൽ എത്തിയിരിക്കുന്നു പ്രശസ്ത ക്രിസ്ത്യാനികൾ.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9 15 P M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*** You are Cordially Invited ***
**To Attend**
**Services and Bible studies**

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

## CHURCH OF CHRIST BUILDING

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To